(സി) 2006 ഏപ്രിൽ 1 മുതൽ ഇതുവരെ എത്ര രൂപ വിതരണം ചെയ്തു; പാസായ എത്ര തുക ഈ വർഷം വിതരണം ചെയ്യാൻ ബാക്കിയുണ്ട്;

(ഡി) വിതരണത്തിൽ കാലതാമസം വരുന്നതിന് കാരണം പ്രായംചെന്ന അറബിക് സ്പെഷ്യൽ ഓഫീസർമാരെ ഇതിന്റെ ചുമതല ഏൽപ്പിക്കുന്നതുമൂലമാണെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) സമയബന്ധിതമായി ഈ കാര്യങ്ങൾ നിർവ്വഹിക്കുന്നതിന് ഈ പദ്ധതി ന്യൂനപക്ഷ വകുപ്പിന്റെ കീഴിലാക്കുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) 2001-2002 വർഷം മുതൽ.

(ബി) 3,97,95,000 രൂപ (മൂന്നുകോടി തൊണ്ണൂറ്റി ഏഴ് ലക്ഷത്തി തൊണ്ണൂറ്റി അയ്യായിരം രൂപ).

(സി) 3,06,00,000 രൂപ (മൂന്നുകോടി ആറ് ലക്ഷം രൂപ) പാസ്സായ തുക മുഴുവൻ വിതരണം ചെയ്തിട്ടുണ്ട്.

(ഡി) ഇല്ല.

(ഇ) ഇപ്പോൾ പരിഗണനയിലില്ല.

സംസ്ഥാനത്തെ ഹയർ സെക്കന്ററി വിദ്യാഭ്യാസരംഗത്ത് നടപ്പിലാക്കാനുദ്ദേശിക്കുന്ന പരിഷ്ക്കാരങ്ങൾ

58(747) ശ്രീ. കെ. ശിവദാസൻ നായർ:
ശ്രീ. വർക്കല കഹാർ:
ശ്രീ. എം. എ. വാഹീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഹയർ സെക്കന്ററി വിദ്യാഭ്യാസ രംഗത്ത് എന്തൊക്കെ പരിഷ്ക്കാരങ്ങൾ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്;

(ബി) വൊക്കേഷണൽ ഹയർ സെക്കന്ററി കോഴ്സുകളെക്കൂടി ഹയർ സെക്കന്ററി വിഭാഗത്തിൽ ഉൾപ്പെടുത്തി പ്രസ്തുത മേഖലയിൽ ഏകീകൃത ഡയറക്ടറേറ്റ് രൂപീകരിക്കുന്ന നിർദ്ദേശം പരിഗണനയിലുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) സംസ്ഥാനത്തെ ഹയർ സെക്കന്ററി സ്കൂളുകളുടെ ഭരണപരമായ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിന് എന്തൊക്കെ നിർദ്ദേശങ്ങളാണ് നിലവിലുള്ളത്;

(ഡി) ഹയർ സെക്കന്ററി സ്കൂൾ പ്രിൻസിപ്പൽമാരെ അദ്ധ്യാപന ചുമതലയിൽ നിന്നും ഒഴിവാക്കി ഭരണപരമായ ഉത്തരവാദിത്വം മാത്രം നൽകണമെന്ന നിർദ്ദേശം പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഹയർ സെക്കണ്ടറി കരിക്കുലം കാലോചിതമായി പരിഷ്കരിക്കുന്നതിനായി എസ്.സി.ഇ.ആർ.ടി.-യുടെ ആഭിമുഖ്യത്തിൽ അക്കാദമിക വിദഗ്ദ്ധരെ പങ്കെടുപ്പിച്ചുകൊണ്ട് ശില്പശാല നടത്തി. തുടർ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

(ബി) പരിഗണനയിലില്ല.

(സി) പ്രിൻസിപ്പൽമാരുടെ നിയമനം പൂർത്തിയാക്കി. രേണപരമായ അവരുടെ കഴിവ് വർദ്ധിപ്പിക്കാൻ ആവശ്യമായ പരിശീലന പരിപാടി സീമാറ്റിന്റെ നേതൃത്വത്തിൽ ആസൂത്രണം ചെയ്തുവരുന്നു.

(ഡി) പരിഗണനയിലില്ല.

ഹയർ സെക്കണ്ടറിക്ക് തുടർ പഠനം സാധ്യമാക്കുന്നതിന് നടപടി

59(748) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഹയർ സെക്കണ്ടറി കോഴ്സിന് റെഗുലർ വിഭാഗത്തിൽ അഡ്മിഷൻ കിട്ടാത്ത വിദ്യാർത്ഥികൾക്ക് ഹയർ സെക്കണ്ടറിക്ക് തുടർ പഠനം സാധ്യമാക്കുന്നതിന് എന്തൊക്കെ സംവിധാനങ്ങൾ ഉണ്ട് ; ഇതിലേക്ക് കേരള സംസ്ഥാന ഓപ്പൺ സ്കൂൾ എന്തൊക്കെ പ്രവർത്തനങ്ങൾ നടത്തുന്നു എന്ന് വ്യക്തമാക്കുമോ ;

(ബി) ഓപ്പൺ സ്കൂളിൽ ഇപ്പോൾ എത്ര ജീവനക്കാരുണ്ട് ; ജില്ല തിരിച്ചുള്ള സ്ഥിരം/ഡെപ്യൂട്ടേഷൻ/കരാർ/ദിവസക്കൂലി ജീവനക്കാരുടെ പേര്, തസ്തിക, വിദ്യാഭ്യാസ യോഗ്യത എന്നിവ തിരിച്ചുള്ള വിശദാംശങ്ങൾ നൽകുമോ ;

(സി) സംസ്ഥാന ഓപ്പൺ സ്കൂൾ പ്രവർത്തനങ്ങൾക്ക് കേന്ദ്ര സംസ്ഥാന സർക്കാരുകൾ ഗ്രാന്റ് നൽകുന്നുണ്ടോ ; എങ്കിൽ 1999-2000 മുതൽ 2010-11 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ ലഭിച്ച ഗ്രാന്റിന്റെ കണക്ക് വാർഷിക അടിസ്ഥാനത്തിൽ നൽകാമോ ; ഗ്രാന്റ് ലഭിക്കുന്നില്ലെങ്കിൽ ഏത് തരം ഫണ്ട് ഉപയോഗിച്ചാണ് ഓപ്പൺ സ്കൂൾ പ്രവർത്തിക്കുന്നത് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് ഹയർ സെക്കണ്ടറി കോഴ്സിന് റെഗുലർ സ്കൂളുകളിൽ അഡ്മിഷൻ ലഭിക്കാത്ത വിദ്യാർത്ഥികൾക്ക് ഹയർ സെക്കണ്ടറി കോഴ്സ് പഠനം സാദ്ധ്യമാക്കുന്നതിന് കേരള സ്റ്റേറ്റ് ഓപ്പൺ സ്കൂൾ വഴി സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. കേരള സ്റ്റേറ്റ് ഓപ്പൺ സ്കൂളിൽ ഓപ്പൺ റെഗുലർ, പ്രൈവറ്റ് എന്നീ രണ്ട് വിഭാഗങ്ങളിലായി രജിസ്ട്രേഷന് സൗകര്യമുണ്ട്. ഓപ്പൺ റെഗുലർ വിഭാഗത്തിൽ സയൻസ് ഉൾപ്പെടെയുള്ള സബ്ജക്ട് കോമ്പിനേഷനുകൾ പഠിക്കാവുന്നതാണ്. ഇത്തരത്തിൽ രജിസ്റ്റർ ചെയ്യുന്ന പഠിതാക്കൾക്ക് ഓരോ

LIBRARY ARCHIVES Kerala Legislative Assembly